Draft #5 of File 118680/AD A1-4/2022/AD A1 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 01-Oct-2022 09:35 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 118680/AD A1-4/2022/എ ഡി എ 1 തീയതി: 01.10.2022

**<u>സർക്കുലർ</u>**

വിഷയം:- 'ലഹരിമുക്ത കേരളം' - ലഹരി വിരുദ്ധ പ്രചാരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ നടപ്പിലാക്കുന്ന കർമ്മപരിപാടികൾ -സംബന്ധിച്ച്.

സൂചന :- 30.09.2022 തീയതിയിലെ രജി./2/133/2022 നമ്പർ കുറിപ്പ്.

മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുന്ന 'ലഹരിമുക്ത കേരളം' ലഹരി വിരുദ്ധ പ്രചാരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് രാവിലെ 10.00 മണിക്ക് ബഹു: മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയുടെ ഭാഗമായുള്ള ബഹു: മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗം തത്സമയം കേൾപ്പിക്കുന്നതിനുള്ള സംവിധാനം സർവ്വകലാശാലാ സെനറ്റ് ഹാളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ടി പരിപാടി വീക്ഷിക്കുന്നതിനും, ഇതിന് മുന്നോടിയായി അന്നേ ദിവസം രാവിലെ 09.00 മണിക്ക് സെനറ്റ് ഹാളിൽ സംഘടിപ്പിച്ചിരിക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നതിനും സർവ്വകലാശാലാ ജീവനക്കാർ/ അദ്ധ്യാപകർ/വിദ്യാർത്ഥികൾ എന്നിവർ കഴിവതും ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.-മാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ എസ്റ്റേറ്റ് ഓഫീസർ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം